# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 20.01.2014 ൽ മറുപടി നൽകേണ്ടിയിരുന്നത്
നിയമസഭാ ചോദ്യം നം. 1164

### വൈപ്പിൻ നിയോജക മണ്ഡലത്തിലെ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ എത്ര അൺ എയ്ഡഡ് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; | (എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ സംസ്ഥാന പാഠ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളൊന്നും തന്നെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ഓരോ സ്കൂളും എത്ര വർഷമായി അംഗീകാരമില്ലാതെ പ്രവർത്തിച്ചു വരുന്നു; വിശദമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) പ്രസ്തുത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് സർക്കാർ 10.06.2013 - ലെ സ.ഉ. (എം.എസ്.) 184/2013/പൊ.വി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതു പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾ പരിശോധിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ